**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1522** **08-12-2022 - ൽ മറുപടിയ്ക്ക്**

**എച്.എസ്.റ്റി. ഫിസിക്കൽ സയൻസ് -അധിക തസ്തികക്കായുള്ള പ്രൊപ്പോസൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) യിൽ അധിക തസ്തികക്കായുള്ള പ്രൊപ്പോസൽ എത്ര സർക്കാർ സ്കൂളുകളിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; ആയതിൽ പരിശോധന നടത്തി അധിക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഹൈസ്കൂളുകളിലെ അധിക തസ്തിക പരിശോധന നടത്തുന്നതിലേക്കായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധന നടത്തി അന്തിമ കണക്ക് സർക്കാരിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത തസ്തികയിൽ ബൈപ്രമോഷൻ, ബൈട്രാൻസ്ഫർ, ഇന്റർ ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ എന്നീ വിഭാഗങ്ങൾക്കായി തസ്തിക നിലവിൽ ഒഴിച്ചിട്ടിട്ടുണ്ടോ; ഓരോ വിഭാഗത്തിലേക്കും നിലവിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത തസ്തികയിൽ ബൈപ്രൊമോഷന് 15 തസ്തികയും ബൈട്രാൻസ്ഫറിന് 10 തസ്തികയും ഒഴിവുണ്ട്. അധ്യാപകർക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന് അർഹതയില്ല. തസ്തിക നിർണയം പൂർത്തിയായിവരുന്നു. ആയത് പൂർത്തിയായ ശേഷം മാത്രമേ ഓരോ വിഭാഗത്തിലും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് തിട്ടപ്പെടുത്താൻ കഴിയൂ. |

സെക്ഷൻ ഓഫീസർ